KERALA POLICE INFORMATION CENTRE
Ph: 0471 2318188 Email: *info.pol@kerala.gov.in*

No. 46/PR/PIC/PHQ/18 Date : 28 .02.2018

## മുതിർന്ന പൗരന്മാർക്കായി പോലീസിന്റെ ഹോട്ട് ലൈൻ സേവനം

സംസ്ഥാനത്ത് ഒറ്റപ്പെട്ട് താമസിക്കുന്ന മുതിർന്ന പൗരന്മാർക്ക് സുരക്ഷയ്ക്കായി പോലീസിനെ വേഗത്തിൽ ബന്ധപ്പെടുന്നതന് ഹോട്ട്ലൈൻ സംവിധാനം സ്റ്റേഷനുകളിൽ ആരംഭിക്കണമെന്ന് സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹ്റ ജില്ലാ പോലീസ് മേധാവിമാർക്ക് നിർദ്ദേശം നൽകി. കോട്ടയം ജില്ലയിലെ പാലാ പോലീസ് സ്റ്റേഷനിൽ മുതിർന്ന പൗരന്മാർക്കായി ബിഎസ് എൻ എല്ലിന്റെ സഹകരണത്തോടെ ഈയിടെ ഒരു ഹോട്ട് ലൈൻ സംവിധാനം ആരംഭിച്ചിരുന്നു. ഇത് ഏറെ ഗുണകരമാണെന്ന് കണ്ടതിനെത്തുടർന്നാണ് മറ്റ് സ്ഥലങ്ങളിലും ഇത് നടപ്പാക്കാൻ നിർദ്ദേശം നൽകിയിരിക്കുന്നത്.

ഫോൺ നമ്പർ ഡയൽ ചെയ്യാതെതന്നെ ലാൻഡ് ഫോണിലെ റീസീവർ പത്ത് സെക്കന്റ് നേരം എടുത്തുമാറ്റിയാൽ ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിലേയ്ക്ക് സ്വമേധയാ കോൾ ലഭിക്കത്തക്കവിധമാണ് ഹോട്ട്ലൈൻ സംവിധാനം സജ്ജമാക്കിയിരിക്കുന്നത്. സാധാരണ ഒരു ലോക്കൽ കോളിന് ചിലവാകുന്ന തുക മാത്രമേ ഇത്തരത്തിലുള്ള ഹോട്ട് ലൈൻ സേവനത്തിനും ഈടാക്കുന്നുള്ളൂ എന്നതും ഈ സംവിധാനത്തിന്റെ പ്രത്യേകതയാണ്. ഫോൺ നമ്പർ ഡയൽ ചെയ്യാൻ കഴിയാതെയും ഓർത്തെടുക്കാൻ കഴിയാതെയും അവശത അനുഭവിക്കുന്ന മുതിർന്ന പൗരന്മാർക്ക് ഈ സേവനം വളരെ ഉപയോഗപ്രദമായിരിക്കും.

പാലാ പോലീസ് സ്റ്റേഷനിൽ നടപ്പിലാക്കിയ ഈ സേവനം ബി എസ് എൻ എല്ലിന്റെ സഹകരണത്തോടെ മറ്റ് ജില്ലകളിലും നടപ്പാക്കണം. ഇതിനുപുറമേ പോലീസ് സ്റ്റേഷനുകളിൽ വിളിക്കുന്ന നമ്പരുകൾ തിരിച്ചറിയാൻ സഹായിക്കുന്ന കാളർ ഐ ഡി സംവിധാനം ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

“ ”

***********